compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഏപ്രിൽ 21
Tuesday, 21st April 2026

1201 മേടം 8
8th Medam 1201

1948 വൈശാഖം 1
1st Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **16**
No.

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
ഹാജർ : ബിന്ദു.എൻ

നം./DDPKD/10143/2021-CE തിയതി: 10/07/2025

വിഷയം:ക്ഷീര വികസന വകുപ്പ്, പാലക്കാട് - പ്രവർത്തന രഹിതമായ ക്ഷീര സംഘങ്ങൾ -ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499- സമാപ്തീകരണം-ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു .

പരാമർശം:- 1) ഈ ഓഫീസിലെ 06/07/2017തിയതിയിലെ ഇ-1106/2015 നമ്പർ ഉത്തരവ്.

2).ബഹു: ഡയറക്ടറുടെ 05/09/2024ലെ DDKER/2638/2023-C3 നമ്പർ കത്ത്.

3) പട്ടാമ്പി ക്ഷീര വികസന ഓഫീസറുടെ 16/04/2025 തിയതിയിലെ DESU-PKD0PTB/68/2023-DFO നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ പട്ടാമ്പി ക്ഷീര വികസന യൂണിറ്റിന്റെ പ്രവർത്തന പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499-ന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചുപോയിട്ടുള്ളത് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സൂചന(1) പ്രകാരം പട്ടാമ്പി ക്ഷീര വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. പുനരുദ്ധാരണ സാധ്യത ഇല്ലാത്തതിനാൽ സംഘം സമാപ്തീകരണത്തിലേക്ക് ലിക്വിഡേറ്ററെ നിയമിക്കുകയും 31/05/2024 തിയതിക്കു മുൻപായി ആക്ഷേപം സ്വീകരിച്ചുകൊണ്ടുള്ള നോട്ടീസ് ലിക്വിഡേറ്റർ പുറപ്പെടുവിക്കുകയും സ്ഥലം, കെട്ടിടം സംബന്ധിച്ച് ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുമായി ആക്ഷേപം നിലനിന്നിരുന്നതിനാൽ സമാപ്തീകരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്നും സംഘത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലവും കെട്ടിടവും നിലവിൽ ഷൊർണ്ണൂർ നഗരസഭ സെക്രട്ടറിയുടെ പേരിലാണെന്നായതിനാൽ ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499- റിവൈവ് ചെയ്യുന്നതിന്റെ ചുമതലകൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർവ്വഹിക്കുന്നതിനായി പട്ടാമ്പി ക്ഷീര വികസന ഓഫീസറെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ സംഘം പുനരുദ്ധാരണം ചെയ്യുന്നതിനുള്ള യാതൊരു സാധ്യതയും നിലനിൽക്കുന്നില്ല എന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി എടുത്ത നടപടികൾ വിജയപ്രദമല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്ന് സൂചന(3) പ്രകാരം പട്ടാമ്പി ക്ഷീര വികസന ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499 ന്റെ സമാപ്തീകരണ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി ക്ഷീര വികസന ഓഫീസർ പട്ടാമ്പിയെ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘം സമാപ്തീകരിക്കുന്ന നടപടികൾ നിയമാനുസൃതം പൂർത്തീകരിച്ച് ലിക്വിഡേറ്റർ ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
ഹാജർ : ബിന്ദു.എൻ

നം./DDPKD/ 886/2023-CC തിയതി: 12/07/2024

വിഷയം: ക്ഷീര വികസന വകുപ്പ്, പാലക്കാട് - മിഥുനപള്ളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.277(ഡി) ആപ്കോസ് - സമാപ്തീകരണം-ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു .

പരാമർശം: 1)ഈ ഓഫീസിലെ 07/02/2024ലെ മേൽ നമ്പർ ഉത്തരവ്.

2).മലമ്പുഴ ക്ഷീര വികസന ഓഫീസറുടെ 27/05/2024 തിയതിയിലെ DESU-PKD0MPZ/52/2024-DFI1 നമ്പർ കത്തും 65-വകുപ്പ് അന്വേഷണറിപ്പോർട്ടും.

3) ബഹു: ഡയറക്ടറുടെ 22/03/2024ലെ DDKER/1156/2024-D2 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ മലമ്പുഴ ക്ഷീര വികസന യൂണിറ്റിൻറെ പ്രവർത്തന പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മിഥുനപള്ളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.277(ഡി) ആപ്കോസിൻറെ പ്രവർത്തനം വർഷങ്ങളായി നിലച്ചുപോയിട്ടുള്ളത് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സൂചന(1) പ്രകാരം മലമ്പുഴ ക്ഷീര വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. സൂചന(2)ലെ റിപ്പോർട്ട് പ്രകാരം സംഘം പുനരുജ്ജീവിപ്പിക്കുന്നതിനായി എടുത്ത നടപടികൾ വിജയപ്രദമല്ലാത്തതിനാൽ സംഘത്തിൻറെ പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്ന് മലമ്പുഴ ക്ഷീര വികസന ഓഫീസർ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം 65ം വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന(3) പ്രകാരം സമാപ്തീകരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ഡയറക്ടർ നിർദ്ദേശിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ മിഥുനപള്ളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.277(ഡി) ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി ക്ഷീര വികസന ഓഫീസർ, മലമ്പുഴയെ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘം സമാപ്തീകരിക്കുന്നതിനുവേണ്ട നടപടികൾ നിയമാനുസൃതം പൂർത്തീകരിച്ച് ലിക്വിഡേറ്റർ ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
ഹാജർ : ബിന്ദു.എൻ

നം./DDPKD/693/2023-CE തിയതി: 23/07/2024

വിഷയം: ക്ഷീര വികസന വകുപ്പ് -പാലക്കാട് -പ്രവർത്തന രഹിതമായ ക്ഷീര സഹകരണ സംഘങ്ങൾ - സമാപ്തീകരണം -പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് ക്ഷീര വികസന യൂണിറ്റിൻറെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പത്തംകുളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി.204(ഡി)ആപ്കോസ് -കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം -ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം:1) ഒറ്റപ്പാലം ക്ഷീര വികസന ഓഫീസറുടെ 14/11/2023 ലെ 117/2023 നമ്പർ കത്ത്
2) ഈ ഓഫീസിലെ 01/02/2024ലെ മേൽ നമ്പർ ഉത്തരവ്.

3) ഒറ്റപ്പാലം ക്ഷീര വികസന ഓഫീസറുടെ 03/05/2024 തിയ്യതിയിലെ കത്തും ഡയറി ഫാം ഇൻസ്ട്രക്ടറുടെ സെക്ഷൻ 65 അന്വേഷണ റിപ്പോർട്ടും

ഉത്തരവ്

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ക്ഷീര വികസന യൂണിറ്റിൻറെ പ്രവർത്തന പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പത്തംകുളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.204(ഡി) ആപ്കോസിൻറെ പ്രവർത്തനം വർഷങ്ങളായി നിലച്ചുപോയിട്ടുള്ളതും ടി സംഘം പ്രവർത്തിക്കാനുള്ള സാധ്യതകൾ ഇല്ലെന്നും അറിയിച്ച് പരാമർശം(1)പ്രകാരം ക്ഷീര വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ടി സംഘത്തിൻറെ ഘടന, സാമ്പത്തിക സ്ഥിതി, പ്രവർത്തനം എന്നിവ സംബന്ധിച്ച് കേരള സഹകരണ നിയമം 1969ലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം(2) പ്രകാരം ഡയറിഫാം ഇൻസ്ട്രക്ടർ, ഒറ്റപ്പാലത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം ഒറ്റപ്പാലം ഡയറിഫാം ഇൻസ്ട്രക്ടർ അന്വേഷണം നടത്തി പരാമർശം(3) പ്രകാരം ക്ഷീര വികസന ഓഫീസർ മുഖാന്തിരം റിപ്പോർട്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമർപ്പിച്ചിട്ടുണ്ട്. സംഘം പുനരുജ്ജീവിപ്പിക്കാൻ സാധ്യതയില്ലെന്ന ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്ന് ക്ഷീര വികസന ഓഫീസർ, ഒറ്റപ്പാലം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പത്തംകുളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം.നം.പി.204(ഡി)ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 72(1)പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി ക്ഷീര വികസന ഓഫീസർ, ഒറ്റപ്പാലത്തെ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘം സമാപ്തീകരിക്കുന്നതിനുവേണ്ട നടപടികൾ നിയമാനുസൃതം പൂർത്തീകരിച്ച് ലിക്വിഡേറ്റർ ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.21 03:20:50 +05:30